പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3800

15.05.2017-ൽ
മറുപടിക്ക്

നിലങ്ങളിലെ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ ഒരു മാസത്തിനകം തീർപ്പ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**,, എം. വിൻസെന്റ്**<br>**,, ഷാഫി പറമ്പിൽ**<br>**,, റോജി എം. ജോൺ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ കെട്ടിടം നിർമ്മിക്കാൻ ലഭിച്ച അപേക്ഷകളിൽ ഒരു മാസത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) ഡാറ്റാ ബാങ്കിൽ /കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയിൽ സർക്കാരിന്റെ 22.12.2016-ലെ 46848/പി1/16/റവ , 01.03.2017-ലെ 13105/പി1/2017/റവ എന്നീ സർക്കുലറുകളിൽ അനുശാസിച്ചിട്ടുള്ളതിൻ പ്രകാരം വീട് നിർമ്മാണത്തിന് ലഭിക്കുന്ന അപേക്ഷകളിൽ ഒരു മാസത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് 14.03.2017-ലെ റവ.പി1/7/17 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഡാറ്റാ ബാങ്കിൽ നിലമായി ഉൾപ്പെട്ട ഭൂമിയെ സംബന്ധിച്ച് പ്രാദേശികതല സമിതിയുടെ ശുപാർശ സഹിതം ജില്ലാ തല അധികൃത സമിതിയുടെ പരിഗണനയ്ക്കായി വരുന്ന അപേക്ഷകളിൻമേൽ ഒരു മാസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതാണ് എന്ന് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടത്തിലും തന്നെ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) വില്ലേജാഫീസറും കൃഷി ഓഫീസറും ആർ.ഡി.ഒ-ക്ക നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ | (ബി) വില്ലേജാഫീസർ, കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നത്. |

പ്രസ്തുത അനുമതി നൽകുന്നത്;

| | |
|---|---|
| (സി) പ്രാദേശിക നിരീക്ഷണ സമിതിയുടെ മേൽനോട്ടമില്ലാതെ ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടിനെ മാത്രം ആശ്രയിച്ച് അനുമതി നൽകുന്നത് ഉദ്യോഗസ്ഥർക്ക് സ്വന്തം താല്പര്യം അനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള അവസരം നൽകുകയില്ലേ; | (സി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരമുള്ള അപേക്ഷകളിൽ മാത്രമേ പ്രാദേശികതല നിരീക്ഷണ സമിതിക്ക് പ്രസക്തിയുള്ളൂ. ഇത്തരം കേസുകളിൽ വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുടെ അന്വേഷണ റിപ്പോർട്ട് വാങ്ങി അവ പരിഗണിച്ച് ആവശ്യമായ മറ്റ് അന്വേഷണത്തിന് ശേഷം പ്രാദേശികതല നിരീക്ഷണ സമിതി നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് ജില്ലാതല അധികൃത സമിതി തീരുമാനമെടുക്കേണ്ടത്. കെ.എൽ.യു പ്രകാരമുള്ള അപേക്ഷകൾ പ്രാദേശികതല നിരീക്ഷണ സമിതിയുടെ അധികാര പരിധിയിൽ വരുന്നതല്ല. |
| (ഡി) എങ്കിൽ ഇക്കാര്യത്തിൽ ശരിയായ തീരുമാനം എടുക്കുന്നതിന് എന്ത് നിബന്ധനയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) ഇത് സംബന്ധിച്ച വ്യവസ്ഥകൾ നിയമത്തിലും ചട്ടത്തിലും സർക്കാർ നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ഇതിനുപരിയായി മറ്റു നിബന്ധനകളുടെ ആവശ്യമുള്ളതായി കാണുന്നില്ല. |

[signature]

**സെക്ഷൻ ഓഫീസർ**